# യു.എസ്.എ.-യിലെ പ്രമുഖ പ്രൊഫഷണലുകളുമായി പ്രധാനമന്ത്രിയുടെ ആശയവിനിമയം

ജൂൺ 24, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 ജൂൺ 23-ന് വാഷിംഗ്ടൺ ഡി.സി.-യിലെ ജോൺ എഫ് കെന്നഡി സെന്ററിൽ യു.എസ്.എ.-യിലെ പ്രൊഫഷണലുകളുടെ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

2. യു.എസ്. - ഇന്ത്യ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് ഫോറം (യു.എസ്.ഐ.എസ്.പി.എഫ്.) ആണ് പരിപാടി സംഘടിപ്പിച്ചത്. അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനും ചടങ്ങിൽ പങ്കെടുത്തു.

3. ഇന്ത്യയിൽ നിലവിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനവും വിവിധ മേഖലകളിൽ കൈവരിച്ച പുരോഗതിയും പ്രധാനമന്ത്രി തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. "ഇതാണ് നിമിഷം" എന്ന് ഊന്നിപ്പറഞ്ഞ പ്രധാനമന്ത്രി, ഇന്ത്യയുമായി പങ്കാളിത്തം സ്ഥാപിക്കാൻ പ്രൊഫഷണലുകളെ ക്ഷണിച്ചു.

4. വിവിധ മേഖലകളിൽ നിന്നുള്ള ഏകദേശം 1000 പ്രമുഖ പ്രൊഫഷണലുകൾ പരിപാടിയിൽ പങ്കെടുത്തു.

**വാഷിംഗ്ടൺ ഡി.സി.**

**ജൂൺ 23, 2023**